"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല- പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - കേന്ദ്രാവിഷ്കൃത പദ്ധതിയായ Panchayat Yuva Krida Aur Khel Abhiyan (PYKKA) പ്രകാരം **'കളിസ്ഥലം നിർമ്മാണം പദ്ധതി'** നടപ്പിലാക്കിയ ഇനത്തിൽ കരാറുകാരന് നൽകേണ്ട കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.31/2025/LSGD തീയതി,തിരുവനന്തപുരം, 03-01-2025

---

പരാമർശം:-

1. സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 27.01.2014-ലെ കെ.എസ്.എസ്.സി/PYKKA /1494/2010 നമ്പർ കത്ത്.
2. സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 15.01.2024-ലെ കെ.എസ്.എസ്.സി/G2(2)/4/2024 നമ്പർ കത്ത്.
3. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2024-ലെ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024 -ലെ 4.28 നമ്പർ തീരുമാനം.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ Panchayat Yuva Krida Aur Khel Abhiyan (PYKKA) പ്രകാരം പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ **'കളിസ്ഥല നിർമ്മാണ പദ്ധതി'**യ്ക്കായി പ്രാരംഭ മൂലധനമായി കേന്ദ്രവിഹിതമായി **4.00 ലക്ഷം** രൂപയും സംസ്ഥാന വിഹിതമായി **1.40 ലക്ഷം** രൂപയുമടക്കം ആകെ **5.40 ലക്ഷം** രൂപ പരാമർശം (1) പ്രകാരം **27.01.2014** ൽ സ്പോർട്സ് കൗൺസിൽ സെക്രട്ടറി പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിനു അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ **5.40 ലക്ഷം** രൂപയുടെ എസ്റ്റിമേറ്റെടുത്ത് **4,85,737/-** രൂപയ്ക്ക് ടെണ്ടർ ചെയ്യുകയും, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കുകയും ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച **4.00 ലക്ഷം** രൂപയിൽ നിന്ന് നികുതി കുറവു ചെയ്ത് **3,70,836/-** രൂപ കരാറുകാരനു നൽകിയിട്ടുണ്ടെന്നും ഇനി **85,737/-** രൂപ കൂടി കരാറുകാരന് നൽകേണ്ടതുണ്ടെന്നും, എന്നാൽ കാലതാമസം വന്നതിനാൽ സ്പോർട്സ് കൗൺസിൽ ടി പദ്ധതി തുടരുന്നില്ലെന്നും, തുക നീക്കിയിരിപ്പില്ലാത്തതിനാൽ പ്രസ്തുത തുക സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭ്യമാകാത്തതിനാലും ടി പ്രവൃത്തി ചെയ്ത ഇനത്തിൽ കരാറുകാരന് നൽകേണ്ടതായ ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ (ജനറൽ) നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിച്ചിരുന്നു..

2. 05.12.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ 4.28 നമ്പർ തീരുമാനം പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ **Panchayat Yuva Krida Aur Khel Abhiyan** (PYKKA) പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ **'കളിസ്ഥല നിർമ്മാണ പദ്ധതി'** നടപ്പാക്കിയ ഇനത്തിൽ കരാറുകാരന് നൽകാനുള്ള കുടിശ്ശിക തുകയായ **85,737/-** രൂപ ( എൺപത്തായ്യിരത്തി എഴുനൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAJI T R

ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ , സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , പട്ടം , തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ (ഡി.ബി1/529/2024/L.S.G.D.)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 03-01-2025 14:26:35

സെക്ഷൻ ഓഫീസർ